# അറേബ്യൻ ഉപദ്വീപ് ഇസ്‌ലാമിന് മുമ്പ്

[Malayalam]

# جزيرة العرب قبل الإسلام

[ باللغة مليالم ]


മുഹമ്മദ് കുട്ടി കടന്നമണ്ണ

إعداد : محمد كطي ابوبكر



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض
المملكة العربية السعودية

islamhouse.com

1430 — 2009

بسم الله الرحمن الرحيم

# അറേബ്യൻ ഉപദ്വീപ് ഇസ്‌ലാമിന് മുമ്പ്

അറബികൾ ജീവിച്ചിരുന്ന ഈ നാടുകൾക്ക് പൊതുവെ പറഞ്ഞുവരുന്ന പേരാണ് ‘ജസീറത്തുൽ അറബ്’ അഥവാ ‘അറേബ്യൻ ഉപദ്വീപ്’. മൂന്ന് ഭാഗത്തുനിന്നും സമുദ്രം ഇതിനെ വലയം ചെയ്യുന്നു. മക്ക, മദീന പോലെയുള്ള ഇസ്‌ലാമികമായി പ്രാധാന്യമുള്ള പട്ടണങ്ങൾ ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്.

മക്ക താമസയോഗ്യമല്ലാത്ത ഒരുതാഴ്‌വരയായിരുന്നു. ഇബ്റാഹീം (عليه السلام)യോട് അദ്ദേഹത്തിന്റെ ഭാര്യ ഹാജിറയെയും കുഞ്ഞ് ഇസ്മാഈലിനെയും ആ താഴ്‌വരയിൽ കൊണ്ടുപോയി താമസിപ്പിക്കാൻ അല്ലാഹു തമ്പുരാൻ കൽപ്പിച്ചു. ഇക്കാര്യം അല്ലാഹു അവന്റെ ദൂതന്റെ നാവിലൂടെ വിശുദ്ധ ഖുർആനിൽ നമുക്ക് വിവരിച്ചുതരുന്നു.

( رَّبَّنَا إِنِّي أَسْكَنتُ مِن ذُرِّيَّتِي بِوَادٍ غَيْرِ ذِي زَرْعٍ عِندَ بَيْتِكَ الْمُحَرَّمِ رَبَّنَا لِيُقِيمُوا الصَّلَاةَ فَاجْعَلْ أَفْئِدَةً مِّنَ النَّاسِ تَهْوِي إِلَيْهِمْ وَارْزُقْهُم مِّنَ الثَّمَرَاتِ لَعَلَّهُمْ يَشْكُرُونَ )

( إبراهيم : ٣٧ )

‘ഞങ്ങളുടെ രക്ഷിതാവേ, എന്റെ സന്തതികളിൽ നിന്ന് (ചിലരെ) കൃഷിയൊന്നും ഇല്ലാത്ത ഒരുതാഴ്‌വരയിൽ നിന്റെ പവി

ത്രമായ ഭവനത്തിന്റെ (കഅ്ബയുടെ) അടുത്ത് ഞാനിതാ താമസിപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അവര്‍ നമസ്കാരം മുറപ്രകാരം നിര്‍വ്വഹിക്കാന്‍ വേണ്ടിയാണ് (അങ്ങനെ ചെയ്തത്). അതിനാല്‍ മനുഷ്യരില്‍ ചിലരുടെ മനസ്സുകളെ നീ അവരോട് ചായ്‌വുള്ളതാക്കുകയും, അവര്‍ക്ക് കായ്കനികളില്‍ നിന്ന് നീ ഉപജീവനം നല്‍കുകയും ചെയ്യേണമേ. അവര്‍ നന്ദി കാണിച്ചെന്നുവരാം' (ഇബ്റാഹീം: 37).

അല്ലാഹു തന്റെ പ്രവാചകന്റെ ദുആക്ക് ഉത്തരം നല്‍കി. ഇസ്മാഈലിനും അദ്ദേഹത്തിന്റെ ഉമ്മക്കും കുടിക്കാന്‍ 'സംസം' പുറപ്പെടുവിച്ചു. അറബീ ഗോത്രങ്ങള്‍ അതിലേക്ക് യാത്രാസംഘങ്ങളായി വന്നുകൊണ്ടിരുന്നു. അങ്ങനെ മക്ക വലിയൊരുനാടായി മാറി.

ഇസ്മാഈല്‍ വളര്‍ന്നുവലുതായപ്പോള്‍ മക്കയില്‍ കഅ്ബാലയം പണിയാന്‍ അല്ലാഹു ഇബ്റാഹീം നബിയോട് കല്‍പ്പിച്ചു. കൃത്യനിര്‍വ്വഹണത്തില്‍ ഇസ്മാഈല്‍ അദ്ദേഹത്തെ സഹായിച്ചു. അറബീഗോത്രങ്ങളിലൊന്നില്‍ നിന്ന് ഇസ്മാഈല്‍(عليه السلام)വിവാഹം കഴിച്ചു. അദ്ദേഹത്തിന്ന് ധാരാളം സന്താനങ്ങളുണ്ടായി. അദ്ദേഹത്തിന്റെ സന്തതികളില്‍ നിന്ന് പല ഗോത്രങ്ങളും മക്കയിലും പരിസരപ്രദേശങ്ങളിലും താമസമുറപ്പിച്ചു. അതില്‍ ഏറ്റവും പ്രശസ്തിയാര്‍ജ്ജിച്ച ഗോത്രമാണ് 'ഖുറൈശ്'. അതിലാണ് നമ്മുടെ നബി മുഹമ്മദ് (ﷺ) ഭൂജാതനായത്.

### അറേബ്യന്‍ ഉപദ്വീപിലെ മതരംഗം ഇസ്ലാമിനുമുമ്പ്

ഇബ്റാഹീം (അ)യുടെ മാതൃകയനുസരിച്ച് അല്ലാഹുവിന്നുള്ള ആരാധന മക്കയില്‍ വ്യാപിച്ചു. അവര്‍ 'ഹുനഫാഅ്' എന്ന പേരില്‍ അറിയപ്പെടുകയും ചെയ്തു. എന്നാല്‍ കാലക്രമേണ തങ്ങ

ളുടെ പിതാമഹന്റെ ആരാധനാരീതികളെ ജനങ്ങൾ മറക്കാൻ തുടങ്ങുകയും അയൽപ്രദേശങ്ങളിൽ നിലനിൽക്കുന്ന വിഗ്രഹാരാധന അവരിലേക്ക് കടന്നുവരികയും ചെയ്തു. അന്ധമായി വിഗ്രഹാരാധനയെ സ്വീകരിച്ചപ്പോഴും ഇബ്റാഹീം നബിയുടെ രീതിയെ മുറുകെ പിടിച്ചിരുന്ന ഒരു ചെറിയ വിഭാഗം മക്കയിലും സമീപ പ്രദേശങ്ങളിലും ഉണ്ടായിരുന്നു.

എന്നാൽ അറേബ്യൻ ഉപദ്വീപിന്റെ ബാക്കി ഭാഗങ്ങളിലുള്ള ജനങ്ങളിൽ സൂര്യ ചന്ദ്ര നക്ഷത്രാതികളെ ആരാധിക്കുന്നവരും, അഗ്നിയാരാധകരായ മജൂസികളും, മൂസാ (അ)യുടെ അനുയായികളെന്ന് അവകാശപ്പെട്ടിരുന്ന ജൂതന്മാരും, ഈസാ നബി (അ) യുടെ അനുയായികളാണ് തങ്ങളെന്ന് ജൽപ്പിച്ചിരുന്ന കൃസ്ത്യാനികളായ ഒരു വിഭാഗവും ഉണ്ടായിരുന്നു.

## അറേബ്യൻ സമൂഹവും സ്വഭാവവും ഇസ്ലാമിന് മുമ്പ്

ഇസ്ലാമിന് മുമ്പ് അറബികൾ വ്യത്യസ്ത ഗോത്രങ്ങൾ ചേർന്നവയായിരുന്നു. ഓരോ ഗോത്രവും അനേകം തറവാടുകൾ ചേർന്നതും ഓരോ തറവാടും അനേകം കുടുംബങ്ങൾ ചേർന്നവയുമായിരുന്നു. പിതാവ്, മാതാവ്, സന്താനങ്ങൾ തുടങ്ങിയവരാണ് ഒരു കുടുംബത്തിലെ അംഗങ്ങൾ. ഗോത്രത്തിലെ ഉത്തരവാദിത്വം ഒരു നേതാവിനായിരിക്കും. എല്ലാവരും അദ്ദേഹത്തെ അനുസരിക്കും. ആ ഗോത്രത്തിനുമേൽ ഉണ്ടാവുന്ന ഏത് അതിക്രമത്തെയും ഗോത്രത്തിലെ മുഴുവൻ അംഗങ്ങളും ഒന്നിച്ച് എതിർക്കും. അറബീഗോത്രങ്ങൾക്കിടയിൽ സാധാരണയായി ഉണ്ടാവുന്ന തർക്കം വെള്ളസ്ഥലങ്ങളുടെയും കാലികളുടെ മേച്ചിൽ സ്ഥലങ്ങളുടെയും പേരിലായിരുന്നു.

അറബികൾ രണ്ട് തരമുണ്ട്, പരിഷ്കൃതരും അപരിഷ്കൃതരും. മക്ക, യഥ്രിബ് (മദീന) പോലെയുള്ള പട്ടണങ്ങളിൽ താമസിക്കുന്നവരാണ് പരിഷ്കൃതർ. കൃഷിയും നിർമ്മാണ പ്രവർത്തനങ്ങളും കച്ചവടവുമൊക്കെയാണിവരുടെ തൊഴിൽ.

മരുഭൂതാഴ്വരകളിൽ താമസിക്കുന്നവരാണ് അപരിഷ്കൃതർ. കന്നുകാലികളെ മേക്കലാണ് ഇവരുടെ പ്രധാന ജോലി.

അറബികൾക്ക് ഇസ്‌ലാമിന് മുമ്പുതന്നെ ബഹുമാനം, അയൽവാസികളെ ആദരിക്കൽ, കരാർ പാലനം പോലെയുള്ള ഉത്തമങ്ങളായ പല സ്വഭാവഗുണങ്ങളുമുണ്ടായിരുന്നു. അതുപോലെത്തന്നെ മദ്യപാനം, പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടൽ, പലിശ പോലെയുള്ള ചീത്ത സ്വഭാവങ്ങളും അവരുടെ അടുക്കലുണ്ടായിരുന്നു. ഇസ്‌ലാം ആഗതമായപ്പോൾ ചീത്തസ്വഭാവങ്ങളെ അവർക്ക് നിഷിദ്ധമാക്കുകയും സൽസ്വഭാവങ്ങളെ അവർക്ക് നിലനിറുത്തിക്കൊടുക്കുകയും ചെയ്തു.

وصلّى الله على محمد وآله وصحبه وسلّم

*******************